# സൗദി പ്രധാന  മന്ത്രിയായ കിരീടാവകാശിക്ക് ഇന്ത്യൻ രാഷ്ട്രപതി സ്വീകരണം നൽകി

സെപ്റ്റംബർ 11, 2023

ഇന്ത്യൻ രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമു ഇന്ന് (സെപ്റ്റംബർ 11, 2023) സൗദി അറേബ്യയുടെ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് അൽ സൗദ് രാജകുമാരനെ രാഷ്ട്രപതി ഭവനിൽ വെച്ച് സ്വീകരിക്കുകയും, അദ്ദേഹത്തോടുള്ള ആദരസൂചകമായി ഔദ്യോഗികവിരുന്ന് സംഘടിപ്പിക്കുകയും ചെയ്തു.

രാഷ്ട്രപതി ഭവനിൽ കിരീടാവകാശിയെ സ്വാഗതം ചെയ്യവേ ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട നയതന്ത്ര പങ്കാളികളിൽ ഒന്നാണ് സൗദി അറേബ്യയെന്ന്  രാഷ്ട്രപതി പറഞ്ഞു.  കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കപ്പെട്ടതിൽ അവർ സന്തോഷം പ്രകടിപ്പിച്ചു.

ആധുനിക ലോകത്ത് ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള സാംസ്കാരിക പരിചയവും, സാമ്പത്തിക സഹകരണവും, സമാധാനപരവും സുസ്ഥിരവുമായ ലോകത്തിനായുള്ള പരസ്പര പ്രതിബദ്ധതയും നമ്മെ സ്വാഭാവിക പങ്കാളികളാക്കുന്നുവെന്ന് രാഷ്ട്രപതി മുർമു പറഞ്ഞു.

ഇന്ത്യ - സൗദി അറേബ്യ പങ്കാളിത്തത്തിന്റെ ഭാഗമായി സാമ്പത്തിക തലത്തിലും സമീപ വർഷങ്ങളിൽ വളർച്ച സാധ്യമായിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. വിവിധ മേഖലകളിലായി ഇന്ത്യയിൽ സൗദി നിക്ഷേപം വർധിപ്പിക്കുന്നതിന് നിരവധി അവസരങ്ങളുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

നിരവധി ഇന്ത്യൻ പ്രവാസികളെ സൗദി അറേബ്യ സ്വീകരിച്ചിട്ടുണ്ടെന്നും അവർക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും ഇടം നൽകിയിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.  തങ്ങളുടെ കഠിനാധ്വാനത്തിലൂടെയും പ്രൊഫഷണലിസത്തിലൂടെയും സൗദി അറേബ്യയുടെ വളർച്ചയിലും സമൃദ്ധിയിലും അവർ നിസ്തുലമായ പങ്ക് വഹിച്ചു. അവരെ പരിചരിച്ചതിന് രാഷ്ട്രപതി സൗദി അറേബ്യക്ക്  നന്ദി പറഞ്ഞു.

സമാധാനത്തിനും സുസ്ഥിരതക്കും വേണ്ടിയുള്ള അനുകൂല പ്രേരകമായി വർത്തിച്ച സൗദി അറേബ്യയെ രാഷ്ട്രപതി അഭിനന്ദിച്ചു. കിരീടാവകാശിയുടെ ഈ സന്ദർശനവും ജി20 ഉച്ചകോടിയിലെ പങ്കാളിത്തവും ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള ബഹുമുഖ പങ്കാളിത്തത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അവർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**ന്യൂ ഡെൽഹി**
**സെപ്റ്റംബർ 11, 2023**